## 676

1 വരു വരു സഹജരേ കുരിശെടുത്തു നാം
ഗുരുവരന്റെ പിൻപേ നാം ഗമിച്ചിടാമിനി

നുകമണിഞ്ഞനുസരിച്ചവന്റെ പിൻപേ നാം
അവൻപദം പഠിച്ചു പാദം പിൻഗമിച്ചിടാം

2 സൽപ്രബോധനത്തിനായി ചെവിയുണർത്തിടാം
ക്ഷീണരെ ഉണർത്തുവാൻ   നാവൊരുക്കിടാം-

3 അവനിയിൽ ലവണമായി നാമിരിക്കയും
അവനുവേണ്ടി സാക്ഷി ചൊല്ലി നാൾകഴിക്കയും

4 ഇക്ഷിതിയിൽ ദീപമായി ജ്വലിച്ചിടാമിനി
കക്ഷിപക്ഷം ഇക്ഷണം വെടിഞ്ഞിടാം അഹം-

5 ഉയർന്നതാം മലയ്ക്കു തുല്യരായിരിക്ക നാം
മറച്ചിടാതെ സത്യവേദം ഓതിടാമിനി-

6 കുരിശിലേറി ജീവനെ കൊടുത്ത നാഥനെ
നിണമണിഞ്ഞ തൻപാദങ്ങൾ പിൻഗമിച്ചു നാം-   **K.V.I.**